File No.HOME-K1/44/2020-HOME

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് – പോലീസ് ജീവനക്കാര്യം – ഡോ. ഹരികൃഷ്ണൻ എ ബി, അസിസ്റ്റന്റ് സർജൻ, കമ്യൂണിറ്റി ഹെൽത്ത് സെന്റർ, കഞ്ഞീറ്റുകര, പത്തനംതിട്ട - തിരുവനന്തപുരം എസ്.എ.പി യൂണിറ്റ് ആശുപത്രിയിലെ അന്യത്രസേവനം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര(കെ) വകുപ്പ്

**സ.ഉ.(സാധാ) നം.1434/2020/ആഭ്യന്തരം** തീയതി,തിരുവനന്തപുരം, 19/06/2020

---

പരാമർശം:- 1. 10.05.2013 ലെ 42/2013/ധന നമ്പർ സർക്കുലർ.

2. 28.11.2013 ലെ സ.ഉ(പി)നം. 580/2013/ധന.

3. 28.05.2019 ലെ സ.ഉ(സാധാ)നം.1376/2019/ആഭ്യന്തരം.

4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 13.02.2020 ലെ ഇഎ6-5653/2020/ആവഡ നമ്പർ കത്ത്.

5. സംസ്ഥാന പോലീസ് മേധാവിയുടെ 07.03.2020ലെ എ5-10634/2019/പി.എച്ച്.ക്യൂ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പത്തനംതിട്ട ജില്ലയിലെ കഞ്ഞീറ്റുകര കമ്യൂണിറ്റി ഹെൽത്ത് സെന്ററിലെ അസിസ്റ്റന്റ് സർജൻ ആയ ഡോ.ഹരികൃഷ്ണൻ എ.ബി-ക്ക് 31.05.2019 മുതൽ മൂന്നാം പരാമർശിത ഉത്തരവ് പ്രകാരം തിരുവനന്തപുരം എസ്.എ.പി യൂണിറ്റ് ആശുപത്രിയിൽ അന്യത്രസേവനം അനുവദിച്ചിരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടർ നാലാം പരാമർശിത കത്ത് മുഖേനയും സംസ്ഥാന പോലീസ് മേധാവി അഞ്ചാം പരാമർശിത കത്തു മുഖേനയും ഡോ.ഹരികൃഷ്ണൻ എ.ബി-യുടെ തിരുവനന്തപുരം എസ്.എ.പി യൂണിറ്റ് ആശുപത്രിയിലെ അന്യത്രസേവനം 31.05.2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നല്കുവാൻ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലയിലെ കഞ്ഞീറ്റുകര കമ്യൂണിറ്റി ഹെൽത്ത് സെന്ററിലെ അസിസ്റ്റന്റ് സർജൻ ഡോ.ഹരികൃഷ്ണൻ എ.ബി-യുടെ തിരുവനന്തപുരം എസ്.എ.പി യൂണിറ്റ് ആശുപത്രിയിലെ അന്യത്രസേവനം പരാമർശം (1), (2) ഉത്തരവുകളിലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 31.05.2020 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത അന്യത്രസേവന കാലാവധിക്കുള്ളിൽ പ്രൊമോഷൻ ലഭിക്കുകയാണെങ്കിലോ കാലാവധിക്ക് ശേഷം അന്യത്രസേവനം ദീർഘിപ്പിച്ച് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലായെങ്കിലോ ഡോ.ഹരികൃഷ്ണൻ എ.ബി അന്യത്രസേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം, കേരള സർവ്വീസ് ചട്ടങ്ങൾ പാർട്ട് 1 ലെ ചട്ടം 140(സി) പ്രകാരം ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, ടി കാലയളവ് പെൻഷൻ, വാർഷികവേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കുന്നതുമല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. ഒ.സെറീന**

**ജോയിന്റ് സെക്രട്ടറി**

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്) തിരുവനന്തപുരം.
3. കമാണ്ടന്റ്, എസ്.എ.പി യൂണിറ്റ് ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം.
4. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
 ( 13.02.2020 ലെ ഇഎ6-5653/2020/ആവഡ പ്രകാരം)
5. ഡോ. ഹരികൃഷ്ണൻ എ ബി, മെഡിക്കൽ ഓഫീസർ, എസ്.എ.പി യൂണിറ്റ് ആശുപത്രി, പേരൂർക്കട, തിരുവനന്തപുരം.
6. സ്റ്റോക്ക് ഫയൽ/ഒ.സി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by
Date: 2020.06.22
Reason: Approved

സെക്ഷൻ ഓഫീസർ